**UNIVERSITY OF CALICUT**

No. 39879/FIN-CC1-ASST-1/2021/Fin

University of Calicut
Dated: 16.12.2025

**CIRCULAR**

Sub:- ജീവൻ രക്ഷാ പദ്ധതി 2026- നോമിനേഷൻ ഫോം സമർപ്പിക്കുന്നത് സംബന്ധിച്ച്

Ref :- 1. 10.11.2025 തീയതിയിലെ സ ഉ (അച്ചടി) നം. 143 /2025 /ധന നമ്പർ സർക്കാർ ഉത്തരവ്
2. 24.11.2025 തീയതിയിലെ 16120//2025/Admn നമ്പർ സർവകലാശാല ഉത്തരവ്

സർക്കാർ ജീവനക്കാരുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയായ ജീവൻ രക്ഷാ പദ്ധതി സൂചന പ്രകാരം 2026 കലണ്ടർ വർഷം സർവ്വകലാശാലയിൽ നടപ്പാക്കി ഉത്തരവായിട്ടുണ്ട്.

സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള ഒറ്റത്തവണ പ്രീമിയം തുകയായ 1000 രൂപയും ജിഎസ് ടി (18 %) 180 രൂപയും ജീവനക്കാരുടെ നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് കിഴിവ് വരുത്തിയിട്ടുണ്ട് .

ജീവൻ രക്ഷാ പദ്ധതി സംബന്ധിച്ച് എന്തെങ്കിലും ക്ലെയിമുകൾ ഉണ്ടെങ്കിൽ അത് സർവകലാശാലക്ക് പുറത്തുള്ള ഏജൻസികളായിരിക്കും കൈകാര്യം ചെയ്യുക. നോമിനേഷൻ ഫോമിലെ ചെറിയ അവ്യക്തതകൾ പോലും നിയമപരമായ സങ്കീർണ്ണതകൾക്ക് ഇടയാക്കുമെന്നതിനാലും ക്ലെയിം സംബന്ധിച്ച ഏറ്റവും അടിസ്ഥാനവും ആധികാരികവും ആയ രേഖ നോമിനേഷൻ ഫോം ആയതിനാലും നോമിനേഷൻ ഫോം വളരെ ശ്രദ്ധയോടെ പൂരിപ്പിക്കേണ്ടതുണ്ട്.

നോമിനേഷൻ ഫോം പൂരിപ്പിക്കുമ്പോൾ താഴെപ്പറയുന്ന നാല് കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം:

1.വ്യക്തമായ കൈയക്ഷരത്തിൽ, യാതൊരു വിധ വെട്ടിത്തിരുത്തലുകളും ഇല്ലാതെ പൂരിപ്പിക്കുക.

2.നോമിനേഷൻ നിഷ്ഫലമാകുന്ന സാഹചര്യം എന്ന കോളത്തിൽ "പുതിയ നോമിനേഷൻ സമർപ്പിക്കുന്ന പക്ഷം" എന്ന് മലയാളത്തിലോ "On filing a fresh nomination" എന്ന് ഇംഗ്ലീഷിലൊ മാത്രം എഴുതുക.

3.ഒന്നിൽക്കൂടുതൽ നോമിനികൾ ഉള്ള പക്ഷം എല്ലാവരുടെയും വിഹിതം കൂട്ടുമ്പോൾ മൊത്തം വിഹിതം നൂറു ശതമാനം ആകുന്നുണ്ടെന്ന് ഉറപ്പാക്കുക .

4.കഴിവതും സർവ്വകലാശാലാ ഉദ്യോഗസ്ഥരായ രണ്ടു സാക്ഷികളെ തന്നെ തെരഞ്ഞെടുക്കുക. തീയതി എഴുതുമ്പോൾ ഡിസംബർ 2025 ലെ ഒരു തീയതി തന്നെ എഴുതാൻ ശ്രദ്ധിക്കുക.

തങ്ങളുടെ ബ്രാഞ്ചിന് /വകുപ്പിന് കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും നോമിനേഷനുകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും നോമിനേഷനുകൾ പൂർണ്ണവും വ്യക്തവും ആണെന്നും മേധാവികൾ കൂടി ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു. പൂരിപ്പിച്ച നോമിനേഷനുകൾ, മുഴുവൻ ജീവനക്കാരുടെയും പേരുകൾ എഴുതിയ ലിസ്റ്റും കവറിംഗ് ലെറ്ററും സഹിതം, ഡിസംബർ 24 നകം ഫിനാൻസ് കംപ്യൂട്ടർ സെല്ലിൽ സമർപ്പിക്കണം.

സസ്പെൻഷൻ . ശമ്പളമില്ലാത്ത അവധി. അന്യത്ര സേവന വ്യവസ്ഥ എന്നിവയിൽ ഉള്ളതോ

,അതുമല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ നവംബർ മാസത്തിൽ ശമ്പളത്തിന് അർഹത ഇല്ലാത്തവരോ ആയ ജീവനക്കാർ പ്രീമിയം തുക ട്രഷറിയിൽ നേരിട്ടോ ഇ -ട്രഷറി സൈറ്റിലൂടെയോ 8011-00-105-89-Group Personal Accident Insurance Scheme എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. ജി എസ് ടി തുക കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫണ്ടിൽ ആണ് അടവാക്കേണ്ടത് .(ലിങ്ക് യൂണിവേഴ്സിറ്റി സൈറ്റിൽ ലഭ്യമാകും ). ഇത്തരത്തിൽ അടച്ച രണ്ടു ചലാൻ കോപ്പിയും പൂരിപ്പിച്ച നോമിനേഷൻ ഫോം സഹിതം 01.01.2026 ന് മുമ്പ് ഫിനാൻസ് കംപ്യൂട്ടർ സെല്ലിൽ എത്തിക്കണം .

**Arun K.V**
Assistant Registrar

To:-

എല്ലാ ജീവനക്കാർക്കും /സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് ),(DR, GAI /DR, AD) അന്യത്ര സേവന വ്യവസ്ഥയിലെ ജീവനക്കാർക്ക് സർക്കുലർ സംബന്ധിച്ച നിർദ്ദേശം നൽകുന്നതിന്

Approved For Issue

Section Officer

## കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ **ജീവൻരക്ഷാപദ്ധതി** (ഫോറം നമ്പർ 1 സെക്ഷൻ 9(1)) പ്രകാരമുള്ള നോമിനേഷൻ ഫോം

പേര് (ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ) ________________________________________________________________ പെൻ/ഐഡി __________

ഉദ്യോഗപ്പേര് ____________________________________________________________________________________

ഓഫീസിന്റെ പേരും മേൽ വിലാസവും __________________________________________________________________________
________________________________________________________________________________________________

ഞാൻ ____________________________________________________________________________ (പേര്, പെൻ, തസ്തിക) ജീവൻരക്ഷാ പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്നവർ മാത്രമാണ് എന്റെ ക്ലെയിം തുകയ്ക്കുള്ള അനന്തരാവകാശികൾ എന്നും ചുവടെ കാണും പ്രകാരമുള്ള വിഹിതത്തിൽ അനന്തരാവകാശികൾക്ക് ക്ലെയിം തുക നൽകാവുന്നതാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

| **നം** | **അവകാശിയുടെ പേര്** | **പ്രായം** | **മേൽ വിലാസം** | **ഇൻഷ്വർ ചെയ്യപ്പെടുന്ന ആളുമായുള്ള ബന്ധം** | **വിഹിതം(%)** | **നാമനിർദ്ദേശം നിഷ്ഫലമാകുന്ന സാഹചര്യം** |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

സ്ഥലം :

തീയതി :

ഓഫീസ് മേലധികാരിയുടെ ഒപ്പും സീലും

ജീവനക്കാരൻ/ജീവനക്കാരി

സാക്ഷികൾ: പേര്, മേൽവിലാസം, ഒപ്പ്

ഒപ്പ്

(1)

(2)